**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. വിനയരാജ്. യു. എൻ ന് 01.01.2016 മുതൽ 31.05.2016 വരെ 152 ദിവസം ചികിത്സാ ആവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം. 2312/ 2018/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 23/ 08/ 2018**

---

പരാമർശം: 1) ശ്രീ. വിനയരാജ്. യു. എൻ ന്റെ അവധി അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 15.05.2018 ലെ ഇ 9-35420/ 17 നമ്പർ കത്ത്.

3) സ.ഉ(പി)നം. 8/ 2017/ ഉ.ഭ.പ.വ തീയതി, 05.07.2017

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. വിനയരാജ്. യു.എൻ ന് മെഡിക്കൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 01.01.2016 മുതൽ 29.04.2016 വരെ 120 ദിവസത്തെ ശൂന്യവേതനാവധി ഗ്രാമഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിരുന്നു. എന്നാൽ 30.04.2016 മുതൽ 31.05.2016 വരെ 32 ദിവസത്തേക്ക് കൂടി ശ്രീ. വിനയരാജ് ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആകെ ശൂന്യവേതനാവധി 120 ദിവസത്തിൽ അധികരിച്ച സാഹചര്യത്തിൽ 01.01.2016 മുതൽ 29.04.2016 വരെ അനുവദിച്ച അവധി പഞ്ചായത്ത് സെക്രട്ടറി റദ്ദ് ചെയ്യുകയും 01.01.2016 മുതൽ 31.05.2016 വരെയുള്ള ശൂന്യവേതനാവധി ക്രമവൽക്കരിക്കുന്നതിനായി പരാമർശം (1) പ്രകാരം ശ്രീ. വിനയരാജ്. യു. എൻ സമർപ്പിച്ച അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിനയരാജ്. യു.എൻ 01.06.2016 ന് ജോലിയിൽ പുനഃപ്രവേശിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (3) ലെ ഉത്തരവ് പ്രകാരം പാർട് ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് പ്രത്യേക സാഹചര്യങ്ങളിൽ / മെഡിക്കൽ ആവശ്യങ്ങൾക്ക് ഒരു കലണ്ടർ വർഷത്തിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. വിനയരാജ് യു. എൻ ന് 01.01.2016 മുതൽ 31.05.2016 വരെ 152 ദിവസം ചികിത്സാ ആവശ്യാർത്ഥം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ. വിനയരാജ്. യു. എൻ, പാർട്ട് ടൈം സ്വീപ്പർ, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

ആഫീസ് പകർപ്പ് (ഇപിഎ 2/ 99/ 2018/ തസ്വഭവ)/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

70